# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 - 2026

## സെന്റ് സെബാസ്റ്റ്യൻസ് യു പി സ്കൂൾ

## കൊമ്മയാട്, കാരക്കാമല പി ഓ

# അക്കാദമിക മാസ്റ്റർ പ്ലാൻ

## സെൻ്റ് സെബാസ്റ്റ്യൻസ് യുപി സ്കൂൾ കൊമ്മയാട്

1950 ൽ  വയനാട് ജില്ലയിലെ മാനന്തവാടി ഉപജില്ലയിൽ സ്ഥാപിതമായ ഒരുഎയ്ഡഡ് വിദ്യാലയമാണ് സെൻ്റ് സെബാസ്റ്റ്യൻസ് യുപി സ്കൂൾ കൊമ്മയാട്.പതിനെട്ട് അധ്യാപകരും ഒരു ഓഫീസ് അസിസ്റ്റൻ്റും ഇവിടെ ജോലി ചെയ്യുന്നു.2025- 26 സമഗ്രഗുണമേൻമ എന്ന വർഷമാണ്.എല്ലാ വിദ്യാലയങ്ങളിലും സമഗ്ര വിദ്യാലയഗുണമേന്മ പദ്ധതി നടപ്പിലാക്കി വരുന്നു. കാര്യക്ഷമത വർധിപ്പിച്ച് ഗുണമേന്മ ഉറപ്പുവരുത്തുക,ക്ലാസ് റൂം പ്രവർത്തനങ്ങൾക്ക് ചിട്ടയും ക്രമവും കൊണ്ടുവരിക,നിർദ്ദിഷ്ടശേഷികൾ കുട്ടികൾ നേടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക,പ്രത്യേക പരിഗണന വേണ്ട കുട്ടികൾക്ക് പ്രത്യേകം പരിശീലനം നൽകുക,എന്ന ലക്ഷ്യങ്ങളോടെയാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.കൊമ്മയാട് സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠന നിലവാരം ഉറപ്പാക്കേണ്ടതുണ്ട്.ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്.പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ സാമൂഹികവും അക്കാദമികവുമായ മാറ്റം ഉണ്ടാക്കുന്നതിനാണ്.

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതു വിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യു അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയങ്ങളും. നാളെയുടെ വാഗ്ദാനങ്ങൾ ആയ കുരുന്നുകളെ സമഗ്രമായി വളർത്തുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കുന്ന ഈ അക്കാദമിക് മാസ്റ്റർ പ്ലാനിൽ ഓരോ മാസക്കാലവും നടത്തേണ്ട പ്രവർത്തനങ്ങൾ ഉൾചേർത്തിരിക്കുന്നു. വ്യത്യസ്തമായ പ്രവർത്തനങ്ങളിലൂടെ രസകരവും വിജ്ഞാനപ്രദവുമായ വിദ്യ കൈവരിക്കാൻ എല്ലാ കുട്ടികൾക്കും അവസരം ഒരുക്കുന്നു. എല്ലാ പ്രോജക്ടുകളെയും മികച്ച രീതിയിൽ ഏറ്റെടുക്കുന്ന വിദ്യാലയമാണ് കൊമ്മയാട് സെന്റ് സെബാസ്റ്റ്യൻസ് യു പി സ്കൂൾ. പൊതുസമൂഹത്തിന്റെ പിന്തുണ കൊണ്ട് വരും വർഷങ്ങളിലും വിദ്യാലയ മികവ് തുടർന്നുകൊണ്ടേയിരിക്കാനുള്ള പരിശ്രമത്തിലാണ് വിദ്യാലയം. അതിലേക്ക് കരുത്ത് പകരാൻ ഉതകും താരത്തിലാണ് ഈ മാസ്റ്റർ പ്ലാൻ ഒരുക്കിയിരിക്കുന്നത്.

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | സെന്റ് സെബാസ്റ്റ്യൻസ് യു പി സ്കൂൾ കൊമ്മയാട് |
| വിലാസം | കാരക്കാമല പി ഒ, കൊമ്മയാട്, പൊരുന്നന്നൂർ |
| സ്കൂൾ കോഡ് | 15481 |
| വിദ്യാഭ്യാസ ഉപജില്ല | മാനന്തവാടി |
| വിദ്യാഭ്യാസ ജില്ല | വയനാട് |
| റവന്യൂ ജില്ല | വയനാട് |
| ബി. ആർ. സി | മാനന്തവാടി |
| ഗ്രാമപഞ്ചായത്ത് | വെള്ളമുണ്ട |
| ബ്ലോക്ക് പഞ്ചായത്ത് | പനമരം |
| ജില്ല പഞ്ചായത്ത് | വയനാട് |
| നിയമസഭമണ്ഡലം | മാനന്തവാടി |
| ലോകസഭാമണ്ഡലം | വയനാട് |
| താലൂക്ക് | മാനന്തവാടി |
| വില്ലേജ് | പൊരുന്നന്നൂർ |
| E mail | Ssupschool593@gmail.com |

# എല്ലാവരും എഴുതുന്നു എല്ലാവരും വായിക്കുന്നു

വായന അറിവിൻറെ മായാ ലോകത്തിലേക്കുള്ള കവാടം തുറക്കുന്നു. വായനാശീലം ചെറിയ ക്ലാസ് മുതൽ തുടങ്ങണം .അതിന് അനുയോജ്യമായ പരിശീലനം ചെറിയ ക്ലാസ് മുതൽ തുടങ്ങണം.

കുട്ടികളിൽ അക്ഷരജ്ഞാനം വളർത്തുക

സംഖ്യ ബോധം വളർത്തുക

എഴുത്തിലേക്ക് കുട്ടികളെ നയിക്കുക

മുഴുവൻ വിദ്യാർത്ഥികളിലും വായന സംസ്കാരം വളർത്തുക

ആനുകാലിക വിഷയവുമായി വായനയെ ബന്ധിപ്പിക്കൽ.

നിലവിലുള്ള പുസ്തകങ്ങളിൽ നിന്നും പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ടവ കണ്ടെത്തുക

ക്ലാസിൽ ലൈബ്രറി കാര്യക്ഷമമായി നടത്തുക ലൈബ്രറിയിൽ നിലവിലുള്ള പുസ്തകങ്ങളെ കുറിച്ച് ധാരണ ഉണ്ടാക്കുക

ഓരോ ക്ലാസിലും ക്ലാസ് ലൈബ്രറി സജ്ജമാക്കുകയും വായനയ്ക്കായി സമയം കണ്ടെത്തുകയും പ്രോത്സാഹനം നൽകുകയും ചെയ്യുക

കുട്ടികൾക്ക് പുസ്തകങ്ങൾ സമ്മാനമായി നൽകുക

കാലയളവ്

ജൂൺ -മാർച്ച്

# ലക്ഷ്യങ്ങൾ

- വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുക
- ഓരോ ക്ലാസിലെയും കുട്ടികളുടെ പ്രായത്തിനനുസരിച്ചുള്ള ശേഷികൾ ഉറപ്പുവരുത്തുക
- സാങ്കേതിക വിദ്യയുടെ സഹായത്തോടെ പഠന രീതികൾ മെച്ചപ്പെടുത്തുക
- ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം നൽകുക

- ഒന്നു മുതൽ ഏഴാം ക്ലാസ് വരെഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യ പദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകി കൊണ്ടുള്ള പ്രവർത്തനങ്ങളും അവസമയബന്ധിതമായി നടപ്പാക്കാൻ ഉതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ

- സ്കൂളിലെ മുഴുവൻ കുട്ടികളെയും മികച്ച പ്രശ്നങ്ങൾ പരിഹരണം ശേഷിയുള്ളവരാക്കി വളർത്തുക

- മലയാളത്തിലും ഇംഗ്ലീഷിലും മുഴുവൻ കുട്ടികളും ആശയ ഗ്രഹണത്തോടെ വായിക്കാനും എഴുതാനും കഴിവുണ്ടാക്കുക
  പരീക്ഷണനിരീക്ഷണപ്രവർത്തനങ്ങളിൽ ഏർപ്പെട്ട കുട്ടികളിൽ ശാസ്ത്രീയ മനോഭാവം വളർത്തുക

- മുഴുവൻ കുട്ടികൾക്കും ആരോഗ്യകായിക ക്ഷമത ഉറപ്പാക്കുക

- എല്ലാ കുട്ടികളെയും പരിഗണിച്ച് കൊണ്ട്പഠന പ്രവർത്തനങ്ങൾ തയ്യാറാക്കിയ ലിംഗ സമത്വം തുല്യനീതി ഇവ ഉറപ്പുവരുത്തുക

- ഗണിത പഠനം കൗതുകകരവും ആക്കി മുഴുവൻ കുട്ടികൾക്കും ഗണിതശേഷികൾ ഉറപ്പുവരുത്തുക.

## പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

| | |
|---|---|
| അക്കാദമികം | ഭാഷാശേഷി വികസനം |
| | ഗണിതശേഷി വികസനം |
| | ഇംഗ്ലീഷ് പഠന പരിപോഷണം |
| | ശാസ്ത്ര പോഷണ പരിപാടി |
| | വായനാ പരിപോഷണം |
| | ലൈബ്രറി ശാക്തീകരണം |
| | ജൈവവൈവിധ്യ പാർക്ക് |
| | പഠനയാത്രകൾ |
| | കലാകായിക മേള |
| | ഐടി പരിശീലനം |
| | ക്ലാസ് പിടിഎ സജീവമാക്കൽ |
| | പ്രവർത്തി പരിചയ പഠനം |
| | എസ്.ആർ ജി ശക്തികരണം |
| | പച്ചക്കറിത്തോട്ടം |
| | മെഡിക്കൽ ക്യാമ്പ് |
| | പോഷകാഹാര പരിപാടി |
| | ദിനാചരണം |
| | Communicative English Enrichment Programme |
| | അക്ഷര ദീപം |
| | വാരാന്ത്യ ക്വിസ് |
| ഭൗതികം | കളിസ്ഥലം |
| | ചിൽഡ്രൻസ് പാർക്ക് |
| | ലൈബ്രറി |
| | മാലിന്യ സംസ്കരണ പ്ലാന്റ് |
| | കിണർ |
| സാമൂഹികം | പിടിഎ ശക്തിപ്പെടുത്തൽ |
| | SMC, SMDC കാര്യക്ഷമമാക്കൽ |
| | വിദ്യാലയ വികസന സമിതി |
| | പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം |
| | ഗ്രന്ഥശാലകൾ സന്നദ്ധ സംഘടനകൾ പൂർവ അധ്യാപകർ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ. |
| | ക്ലാസ് പിടിഎ കൾ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ. |
| | വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ |
| | ഭവന സന്ദർശനം |

## ഭാഷ (മലയാളം)

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| വായന | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക<br>ആശയ അവതരണ രീതിയിലൂടെ ഭാഷാ അനുഭവങ്ങൾ ഒരുക്കുക<br>ആനുകാലിക വിഷയവുമായി വായനയെ ബന്ധിപ്പിക്കൽ<br>കുട്ടികളെ ആശയം ഉൾക്കൊണ്ട് സ്വതന്ത്ര വായനക്കാരാക്കുക<br>സ്വതന്ത്ര വായന ഉറപ്പുവരുത്തുക | അധ്യാപകരുടെ സഹായത്തോടെ വായന കാർഡുകൾ വായിക്കൽ<br>ലൈബ്രറി വായന<br>പത്രവായന<br>സ്വയം വായനയ്ക്കുള്ള അവസരങ്ങൾ നൽകുക<br>വായനാനുഭവം പങ്കുവെക്കൽ<br>ഡിജിറ്റൽ സാധ്യത ഉപയോഗിച്ച് കഥ കേൾക്കാനും കാണാനും പുനര വതരണത്തിനുമുള്ള അവസരം<br>ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>ചിത്രങ്ങളെ ആസ്പദമാക്കി കഥ പറയിക്കൽ. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ<br>എസ് ആർ ജി |
| ലേഖനം | അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ<br>തെറ്റില്ലാതെ എഴുതാൻ കുട്ടിയെ പ്രാപ്തനാക്കുക<br>നേടിയ ആശയങ്ങൾ സ്വതന്ത്രമായി എഴുതി പ്രകടിപ്പിക്കാനുള്ള ശേഷി കൈവരിക്കൽ<br>സ്വതന്ത്ര രചനയെ പ്രോത്സാഹിപ്പിക്കുക. | ചിത്രങ്ങൾക്ക് അടിക്കുറിപ്പ് നൽകൽ.<br>ചിത്ര കാർഡുകൾ<br>അക്ഷര കാർഡുകൾ<br>അനുഭവ കുറിപ്പ്<br>ഡയറി കുറിപ്പ്<br>ചെറു വിവരണങ്ങൾ തയ്യാറാക്കുക | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ<br>എസ് ആർ ജി |

# English

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| Listening | To comprehend language through hearing<br>To understand the unknown words | Listening short stories<br>Listening English songs, conversation etc<br>Listening English commentary | June - March | Class Teacher<br>SRG |
| Speaking | To produce language with confidence<br>To speak language and use language at correct contest | playing role play<br>Enacting characters<br>English assembly<br>Eecite rhymes<br>Story telling<br>Activities based on audio | June - March | Class Teacher<br>SRG |
| Reading | To read and comprehend language<br>To read with confidence.<br>To encourage reading habits | Chances for reading small stories, newspaper etc<br>Making and reading English reading cards<br>English corner<br>Reading a passage on specific topic. | June - March | Class Teacher<br>SRG |
| Writing | To convey their ideas through a paragraph.<br>To write meaningful discourses. | English puzzles<br>Words formation<br>Diary writing<br>Making daily news charts<br>Writing review of books<br>Write riddles<br>Picture description | June - March | Class Teacher<br>SRG |

# ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ചതുഷ്ക്രിയകൾ തെറ്റുകൂടാതെ ചെയ്യാൻ പഠിക്കാൻ.<br>ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയാൻ.<br>യുക്തിപരമായി ചിന്തിക്കാനുള്ള ശേഷി ആർജിക്കാൻ. | ഗണിത കാർഡ്, ഡോമിനോസ് തുടങ്ങിയവയിലൂടെ സംഖ്യ ബോധം ഉറപ്പിക്കാൻ.<br>പാറ്റേൺ രൂപീകരിക്കൽ.<br>കണക്കിലെ കളികൾ.<br>ചാർട്ട്, ടേബിൾ നിർമ്മാണം.<br>രൂപങ്ങൾ, ആകൃതികൾ ഇവ നിർമ്മിക്കാൻ.<br>ഗണിത ക്വിസ്, ഇവ തയ്യാറാക്കാൻ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ<br>എസ് ആർ ജി |

# പരിസര പഠനം

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| | നിരീക്ഷണ പാടവം വളർത്തുക.<br><br>പ്രകൃതിയിലൂടെ കുട്ടികളെ അറിവിന്റെ ലോകത്തേക്ക് നയിക്കുക<br><br>പരീക്ഷണങ്ങളിൽ ഏർപ്പെടുന്ന അതിലൂടെ അറിവ് ആർജിക്കുക. | പ്രകൃതിയെ നിരീക്ഷിച്ച് ജീവികളുടെ ആവാസ വ്യവസ്ഥ, സസ്യങ്ങളുടെ പ്രത്യേകതകൾ,സ്ഥലം, മണ്ണ് ഇവയുടെ വ്യത്യസ്തത തിരിച്ചറിയൽ.<br><br>കുറിപ്പ് തയ്യാറാക്കൽ<br><br>ശാസ്ത്ര ക്ലബ്ബ് രൂപീകരണം<br><br>പഠനയാത്ര<br><br>അഭിമുഖം<br><br>കൃഷി, ജൈവവൈവിധ്യ ഉദ്യാനം<br><br>വ്യത്യസ്ത പരീക്ഷണങ്ങളിൽ ഏർപ്പെടൽ<br><br>ശാസ്ത്ര ക്വിസ്<br><br>അനുസ്മരണ ദിനങ്ങൾ സംഘടിപ്പിക്കൽ<br><br>ചുമർപത്രിക, കൊളാഷ്, പതിപ്പ്, ക്വിസ് മത്സരം തുടങ്ങിയവയിൽ ഏർപ്പെടൽ. | ജൂൺ - മാർച്ച് | ടീച്ചർ<br>എസ് ആർ ജി |

# അറബിക്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക<br>കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക<br>വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്ന തരത്തിലുള്ള സാഹചര്യം ക്ലാസ് മുറികളിൽ ഒരുക്കുക. | പ്രൈമറി ക്ലാസ് മുതൽ പാഷശേഷികളുടെ വളർച്ച ഉറപ്പുവരുത്തുക<br>മുന്നറിവ് പരിശോധിക്കുക<br>അക്ഷരങ്ങൾ ഉറപ്പിക്കൽ<br>ഭാഷാ കളികൾ<br>അറബി വയന മത്സരം | ജൂൺ - മാർച്ച് | അറബിക് ടീച്ചർ<br>എസ് ആർ ജി |

# മലയാളം (UP)

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക<br><br>പഠിതാവിൽ അർത്ഥ വർണ്ണമായ വായന ഉറപ്പ് വരുത്തുക<br><br>സാഹിത്യകൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തു വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ<br><br>പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ<br>പരിഹാര പ്രവർത്തനങ്ങൾ | അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു<br><br>പത്രം ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണ ശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു<br><br>സാഹിത്യകാരന്മാർ എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു<br><br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ ലഘുനാടകങ്ങൾ തുടങ്ങിയവസ്കുൾ അസംബ്ലിയിൽ അവതരിപ്പികാൻ അവസരം നൽകുന്നു വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാരന്മാരരയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു | ജൂൺ - മാർച്ച് | ഭാഷ അധ്യാപിക<br>എസ് ആർ ജി |

## English (UP)

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് കുട്ടികളെ എത്തിക്കാൻ.<br><br>കുട്ടികളിൽ വായനാശീലം വളർത്തുക.<br><br>ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ.<br><br>ഇംഗ്ലീഷ് വായനയിൽ താല്പര്യം വളർത്തുക. | Words, tenses എന്നിവ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു.<br><br>ഗ്രൂപ്പിൽ ചർച്ച ചെയ്ത് പഠിക്കാൻ അവസരം നൽകുന്നു.<br><br>English Conversation<br><br>Quiz, Debate,speech Worksheets, Games എന്നിവ സംഘടിപ്പിക്കുന്നു.<br><br>കളികളിലൂടെ വാക്യങ്ങൾ നിർമ്മിക്കുന്നു.<br><br>Native English Speakers ന്റെ വീഡിയോ കാണിക്കുന്നു.<br><br>പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ ശേഖരണം ഒരുക്കല്.<br><br>ഇംഗ്ലീഷ് വാർത്തകൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കൽ.<br><br>ഇംഗ്ലീഷ് അസംബ്ലി മാസത്തിലൊരിക്കൽ.<br><br>English Library Books വായിക്കൽ.<br><br>English prayer once in a week. | June - March | English Teacher<br>SRG |

# ഹിന്ദി (UP)

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| അക്ഷരബോധം ഉറപ്പിക്കൽ-<br>ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു.<br><br>ഹിന്ദി വായന -<br>തെറ്റ കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം.<br><br>ഹിന്ദി സംസാരം -<br>ക്ലാസ്സിൽ ഹിന്ദി സംസാരിക്കാനുള്ള കഴിവുണ്ടാക്കിയെടുക്കുക | പുതിയ പദങ്ങളും പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്തു പഠിപ്പിക്കും ചിത്രങ്ങൾ അക്ഷരമാല ചാർട്ട്എന്നിവയെല്ലാം ഉപയോഗിക്കുന്നു.<br><br>ഹിന്ദി വായനയിലേക്ക് ആകർഷിപ്പിക്കുവാൻ മറ്റ് ഹിന്ദി ചിത്രകഥകൾ ഉൾപ്പെടെയുള്ള വാക്യങ്ങളുള്ള വായിപ്പിക്കുകയും ക്ലാസ്സിൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നു.<br><br>കുട്ടികളുടെ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കുവാനും ഹിന്ദിയിൽ സംസാരിക്കുവാനും പ്രോത്സാഹിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു.<br><br>തെറ്റാതെ വീണ്ടും വീണ്ടും ആവർത്തിക്കാതെ കൂടുതൽ വരികൾ വായിക്കുന്ന വർക്ക് സമ്മാനം നൽകുന്നു. | ജൂൺ - മാർച്ച് | ഹിന്ദി അധ്യാപിക<br><br>എസ് ആർ ജി |

## Basic Science (UP)

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| To grow scientific aptitude<br>To acquire process skills<br>To practice scientific method in science learning<br>To increase self confidence in science study<br>To get opportunity for watching and doing various experiments | Listing the experiments in UP class textbooks. Setting the lab with required chemicals and utensils<br>Demonstrating various experiments and explain its relevance in science and daily life<br>Suggest to include scientific literature magazines in library<br>Celebrating science related days<br>Preparing biography of scientists<br>Updating current science related news and making it an album. | June - March | Basic Science Teacher<br>SRG |

# ഗണിതം (UP)

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു<br><br>ഗണിതത്തിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കുന്നു | ഗണിത ശില്പശാല<br><br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു<br><br>നമ്പർ കാർഡ് മഞ്ചാടിക്കുരു മുത്തുകൾ<br><br>ഗണിതത്തിൽ പ്രാന്യമുള്ള അധ്യാപകരുടെ സഹായത്താൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു | ജൂൺ - മാർച്ച് | ഗണിത അധ്യാപിക<br>എസ് ആർ ജി |

# സാമൂഹ്യ ശാസ്ത്രം (UP)

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാന തല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ.<br><br>പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റി എടുക്കുക<br><br>ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക<br><br>സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു<br><br>സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു<br><br>സാമൂഹ്യ ശാസ്ത്ര പഠനത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിൽ എത്തിക്കുന്നു. | സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിൻ്റെ അടിസ്ഥാന തല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു<br><br>ഐസിടി സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു<br><br>ഗ്രാമസഭ ,വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു<br><br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ കണ്ടൽ കാടുകൾ , തണ്ണീർ തടങ്ങൾ ജലാശയങ്ങൾ കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു<br><br>സിവിൽ സർവീസ് പരീക്ഷകൾ എഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്ന മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു<br><br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ആയ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിൻറെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | ജൂൺ - മാർച്ച് | സാമൂഹ്യ ശാസ്ത്ര അധ്യാപിക എസ് ആർ ജി |

# URDU(UP)

| പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല |
|---|---|---|---|
| 1.പ്രവർത്തനം<br>പേഠേം ആഗെ ബ ഡേഠ<br>ഉർദു വായന | വായന മത്സരങ്ങൾ ക്വിസ് മത്സരങ്ങൾ ബാലമാസികകൾ വായനക്കാർഡുകൾ തുടങ്ങിയവ വായനയ്ക്ക് ലഭ്യമാക്കൽ<br>കാലയളവ്<br>വിവിധ ദിനാചരണങ്ങളിൽ | വിവിധ ദിനാചരണങ്ങളിൽ | ഉർദു സബ്ജക്ട് കൗൺസിൽ വിലയിരുത്തൽ<br>എച്ച് എം, സബ്ജക്ട് കൗൺസിൽ |
| 2.മേരെ അൽഫാസ്<br>ഉറ്ദു കയ്യെഴുത്ത് മാഗസിൻ | ചന ശേഷി വളർത്തൽ ഉറ്ദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കൈയെഴുത്ത് എന്നീ ലക്ഷ്യ പൂർത്തികരണത്തിനും കട്ടികളിലെ സർഗാത്മകത വളർത്തുന്നതിനും വേണ്ടി കയ്യെഴുത്ത് മാസിക, ചുമർപത്രിക നിർമ്മാണം, വായന കാർഡ് നിർമ്മാണം. | ടേമിൽ ഒന്ന് വീതം | ഉറ്ദു സബ്ജക്ട് കൗൺസിൽ വിലയിരുത്തൽ<br>എച്ച് എം, സബ്ജക്ട് കൗൺസിൽ |
| 3. ഇ- ദുനിയ<br>ഉറ്ദു ടൈപ്പിംഗ്<br>പ്രവർത്തനഘട്ടം<br>കട്ടികൾക്ക് ഉറ്ദു ടൈപ്പിങ്ങിൽ പരിശീലനം നൽകൽ, വായന കാർഡ് തയ്യാറാക്കൽ | കട്ടികൾക്ക് ഉറ്ദു ടൈപ്പിങ്ങിൽ പരിശീലനം നൽകൽ, വായന കാർഡ് തയ്യാറാക്കൽ. | ഒരു വർഷം | ഉറ്ദു ക്ലബ്ബ് സബ്ജക്ട് കൗൺസിൽ വിലയിരുത്തൽ<br>എച്ച് എം, സബ്ജക്ട് കൗൺസിൽ |
| 4.ഡിജിറ്റൽ മാഗസിൻ<br>പ്രവർത്തനഘട്ടം<br>കട്ടികളുടെ രചനകൾ ഉൾപ്പെട്ടത്തിക്കൊണ്ട് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ | കട്ടികളുടെ രചനകൾ ഉൾപ്പെട്ടത്തിക്കൊണ്ട് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ<br>കാലയളവ് | വർഷത്തിൽ ഒന്ന് | ഉറ്ദു ക്ലബ്ബ് |
| 5.ഉറ്ദു ദിനം | ടാലൻറ് മീറ്റ്, അക്ഷരമരം, എന്റെ പതിപ്പ് | കാലയളവ് വർഷത്തിൽ ഒന്ന് | ഉറ്ദു ക്ലബ്ബ് |

# സ്കൂളിന്റെ തനത് പ്രവർത്തനങ്ങൾ

## വായന കളരി

വായന അറിവിന്റെ മായാലോകത്തേക്കുള്ള കവാടം തുറക്കുന്നു. വായനാശീലം ചെറിയ ക്ലാസ് മുതൽ തുടങ്ങണം. അതിന് അനുയോജ്യമായ പരിശീലനം ചെറിയ ക്ലാസ് മുതൽ തുടങ്ങണം.

- മുഴുവൻ വിദ്യാർത്ഥികളിലും വായന സംസ്കാരം വളർത്തുക.
- ആനുകാലിക വിഷയവുമായി വായനയെ ബന്ധിപ്പിക്കൽ.
- നിലവിലുള്ള പുസ്തകങ്ങളിൽ നിന്നും പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ടവ കണ്ടെത്തുക.
- ക്ലാസ് ലൈബ്രറി കാര്യക്ഷമമായി നടത്തുക.
- ലൈബ്രറിയിൽ നിലവിലുള്ള പുസ്തകങ്ങളെ കുറിച്ച് ധാരണ ഉണ്ടാക്കുക.
- ഓരോ ക്ലാസിലും ക്ലാസ് ലൈബ്രറി സജ്ജമാക്കുകയും വായനയ്ക്കായി സമയം കണ്ടെത്തുകയും പ്രോത്സാഹനം നൽകുകയും ചെയ്യുക.
- കുട്ടികൾക്ക് പുസ്തകങ്ങൾ സമ്മാനമായി നൽകുക

കാലയളവ്

ജൂൺ - മാർച്ച്

## സർഗ്ഗ വേള

കുട്ടികളുടെ സർഗ്ഗവാസനങ്ങളെ തട്ടിയുണർത്തി പരിപോഷിക്കാനുള്ള പ്രവർത്തനങ്ങൾ.

- കുട്ടികൾ നിരവധി കഴിവുകൾക്ക് ഉടമകളാണ്. അവ കണ്ടെത്തി വികസിപ്പിക്കുന്നതിലാണ് അധ്യാപകരുടെ മിടുക്ക്. വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ എല്ലാ ആഴ്ചയിലും ഒരു ദിവസം ഒരു മണിക്കൂർ വീതം നീക്കിവെച്ച് കുട്ടികളിലെ മികച്ച പ്രതിഭകളെ കണ്ടെത്തുന്നു. കൂടുതൽ അവസരങ്ങൾ നൽകുന്നു.
- വിദ്യാരംഗം സാഹിത്യ വേദി രൂപീകരണം
- ചിത്രരചന, കളറിംഗ് പരിശീലനം

കാലയളവ്

ജൂൺ - മാർച്ച്

## മേളകൾ

ലക്ഷ്യം

- ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കൽ
- സാമൂഹ്യ ശാസ്ത്ര മേള
- ഗണിത ശാസ്ത്ര മേള
- ഐ ടി മേള

പ്രവർത്തനങ്ങൾ

- സ്കൂൾതല ശാസ്ത്ര സാമൂഹ്യ ഗണിത ഐ ടി മേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ
- ഉപജില്ലാതലത്തിൽ പരമാവധി പങ്കാളിത്തം

കാലയളവ്

ആഗസ്റ്റ് - മാർച്ച്

## വാരാന്ത്യ ക്വിസ് മത്സരം

ലക്ഷ്യം

- കുട്ടികളിൽ വായനാശീലം വളരുക
- ദിനപത്രം വായിക്കാനുള്ള പ്രചോദനം
- പൊതുവിജ്ഞാനം വളർത്തുക
- പ്രതിദിന വാർത്തകൾ തിരിച്ചറിയുക

പ്രവർത്തനം

- ഓരോ ആഴ്ചയിലേയും ദിന പത്രങ്ങളിൽ വരുന്ന വാർത്തകൾ ഉൾപ്പെടുത്തി വെള്ളിയാഴ്ചകളിൽ ക്വിസ് മത്സരം നടത്തുന്നു.
- വിജയികൾക്ക് സമ്മാനം നൽകുന്നു.

കാലയളവ്

ജൂൺ - മാർച്ച്

## സ്കൂൾ പോഷകാഹാര പദ്ധതി

ലക്ഷ്യം

- ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം.
- ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കൽ.

പ്രവർത്തനങ്ങൾ

- ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു വെച്ച് പോഷക സമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ.

കാലയളവ്

ജൂൺ - മാർച്ച്

## ദിനാചരണങ്ങൾ

ലക്ഷ്യം

- വിവിധശേഷികളുടെ വികസനം

പ്രവർത്തനം

- ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു.

കാലയളവ്

ജൂൺ - മാർച്ച്

## കായികം

ദൈനംദിന പഠന പാഠ്യാനുഭവ പ്രവർത്തനങ്ങളിൽ കാര്യക്ഷമമായി പങ്കെടുക്കുവാനും ക്ഷീണത്തിൽ അകപ്പെടാതെ ഊർജ്ജസ്വലമായി പങ്കെടുക്കുവാനുമുള്ള ശേഷി കുട്ടികളിൽ ഉണ്ടാവണം. കാര്യക്ഷമമായ കായികക്ഷമത ഇതിന് സഹായകരമാണ്.

- കായികക്ഷമത വർദ്ധിപ്പിക്കൽ
- സാമൂഹ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ.
- ആരോഗ്യപരവും രോഗവിമുക്തവുമായ ജീവിതം നയിക്കുവാൻ.
- കുട്ടികളുടെ ഊർജ്ജസ്വലത വർദ്ധിപ്പിക്കുവാൻ
- ഫിസിക്കൽ എജുക്കേഷൻ ട്രെയിനിങ് പീരിയഡുകൾ എല്ലാ ക്ലാസുകളും ഉറപ്പുവരുത്തുക. ക്ലാസിൽ ലഘു വ്യായാമം നൽകുക.

കാലയളവ്

ജൂൺ - മാർച്ച്

## ക്ലാസ് പിടിഎ

ലക്ഷ്യം

- കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ.

പ്രവർത്തനങ്ങൾ

- ക്ലാസ് പിടിഎ കൃത്യമായ അജണ്ട വെച്ച് പ്രതിമാസം ചേരൽ,
- പഠന പുരോഗതി പരിശോധിക്കൽ,
- മികവുകളുടെ അവതരണം,
- പൊതു ചർച്ച.

കാലയളവ്

ജൂൺ - മാർച്ച്

# ഉപസംഹാരം

2025 -26 അധ്യായന വർഷത്തേക്കുള്ള അക്കാദമിക് വികസന രൂപരേഖയാണ് തയ്യാറാക്കിയിട്ടുള്ളത് പദ്ധതികൾ നടപ്പിൽ വരുത്തുമ്പോൾ പുതിയ പ്രവർത്തനങ്ങൾ ആവിഷ്കരിക്കേണ്ടതായുംനടപ്പിൽ വരുത്തേണ്ടതായും വന്നേക്കും